**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 176** **29-01-2024 - ൽ മറുപടിയ്ക്ക്**

**കൊങ്ങാട് അഗ്നിരക്ഷാനിലയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോങ്ങാട് അഗ്നിരക്ഷാ നിലയത്തിനു സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച തീയതി സഹിതമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | കെട്ടിടം നിർമ്മിക്കുന്നതിന് 22.04.2022 ലെ സർക്കാർ ഉത്തരവ് (സാധാ) നം.1134/22/ആഭ്യന്തരം, പ്രകാരം 253 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ കാലവിളംബം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്ത് നിർമ്മാണത്തിനു തടസ്സമായി നിൽക്കുന്ന മരങ്ങൾക്ക് വനംവകുപ്പ് നിശ്ചയിച്ച അടിസ്ഥാന വിലയേക്കാൾ വളരെ കുറഞ്ഞ തുകയാണ് ലേല നടപടികളിലൂടെ ലഭ്യമായത്. രണ്ട് തവണ ലേലം നടത്തിയിട്ടും മതിപ്പ് വില ലഭിക്കാത്തതിനാൽ വീണ്ടും എം.എസ്.ടി.സി. മുഖാന്തരം ലേലം നടത്തി ഉയർന്ന തുകയ്ക്ക് ലേലം ഉറപ്പിക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>മരങ്ങൾ മുറിച്ചു മാറ്റുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | പിരിവ്(ബി)യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ